**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 731** **08-10-2024 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിന് വേണ്ടി ചങ്ങനാശ്ശേരി മണ്ഡലത്തിൽ എത്ര ചാർജ്ജിംഗ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ടെന്നും അവയിൽ ഏതെല്ലാം പ്രവർത്തനസജ്ജമാണെന്നും വിശദമാക്കാമോ; | (എ) | ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ വിവിധ ഭാഗങ്ങളിലായി കെ.എസ്.ഇ.ബി.എൽ. ആറ് (6) പോൾ മൗണ്ടഡ് ചാർജ് പോയിന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയെല്ലാം പ്രവർത്തന സജ്ജമാണ്. കൂടാതെ 2 പ്രൈവറ്റ് ചാർജിംഗ് സ്റ്റേഷനുകളും ഉണ്ട്. |
| (ബി) | ചങ്ങനാശ്ശേരി മണ്ഡലത്തിൽ പുതുതായി ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | ഇലക്ട്രിക് കാറുകൾക്ക് വേണ്ടി ഉള്ള ഡി.സി ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ പ്രധാനമായും ആവശ്യമായി വരുന്നത് ദീർഘദൂര യാത്രകളിലാണ്. ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിന്റെ പരിധിയിൽ ദേശീയപാത, MC റോഡ്, മറ്റ് സംസ്ഥാന പാതകൾ എന്നിവിടങ്ങളിൽ കഫറ്റേരിയ, വാഷ്റൂം സംവിധാനത്തോട് കൂടിയ 105 sqm (10mx8m, 5mx5m) സർക്കാർ അധീനതയിലുള്ള സ്ഥലം 10 വർഷത്തെ ലീസ് റെന്റിന് നൽകിയാൽ മൂന്ന് കാറുകൾ ചാർജ് ചെയ്യുന്നതിനുള്ള DC ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സംവിധാനം സജ്ജമാക്കാൻ കഴിയുന്നതാണെന്ന് അനെർട്ട് അറിയിച്ചിട്ടുണ്ട്.<br><br>സ്വകാര്യ ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഡി സി ഫാസ്റ്റ് ചാർജിംഗ് മെഷീനുകൾക്ക് മെഷീൻ വിലയുടെ **25%** സംസ്ഥാന സർക്കാർ അനെർട്ട് വഴി സബ്സിഡിയായി നൽകുന്നു. കൂടാതെ ഇത്തരം ചാർജിംഗ് സ്റ്റേഷനുകളിൽ സൗരോർജ്ജ സംവിധാനം ഒരുക്കിയാൽ **1 kW** സൗരോർജ്ജ പാനലിന് **Rs.20,000/-** രൂപ നിരക്കിൽ **50 kW** സൗരോർജ്ജ പാനലിന് പരമാവധി **10** ലക്ഷം രൂപ വരെ സംസ്ഥാന സർക്കാർ സബ്സിഡിയായി നൽകുന്നതാണ്. ദേശീയപാത, **MC** റോഡ്, മറ്റ് സംസ്ഥാന പാതകൾ എന്നിവിടങ്ങളിൽ കഫറ്റേരിയ, വാഷ്റൂം സംവിധാനത്തോട് കൂടിയ സ്ഥലങ്ങൾക്ക് മുൻഗണന നൽകുന്നതാണ്. |

| | | | |
|---|---|---|---|
| | | | ചങ്ങനാശ്ശേരി മണ്ഡലത്തിൽ പുതുതായി **EV** ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പദ്ധതികൾ നിലവിൽ കെ.എസ്.ഇ.ബി.എൽ.-ന് ഇല്ല. |

സെക്ഷൻ ഓഫീസർ